## ഓറിയന്റലിസവും ഇരുപതാം നൂറ്റാണ്ടും

19-ാം നൂറ്റാണ്ടിൽ തന്നെ പല വിഷയങ്ങളിൽ ഒന്നായി ഇസ്‌ലാമിന്റെ പഠനവും സർവകലാശാലകളിൽ സ്ഥലം പിടിച്ചിരുന്നു. ഇതിനും 'ഓറിയന്റലിസം' എന്നാണവർ സംജ്ഞ നല്കിയത്. ക്ലാസിക്കൽ ഹ്യൂമനിസ(**Classical Humanism**)ത്തിന്റെ ഭാഗമായി മനുഷ്യവംശത്തിന്റെ പ്രാചീന നേട്ടങ്ങൾ കണ്ടെത്തുവാനും അവയെ ആധുനിക 'മാനുഷികത' (**Humanism**)യുമായി കൂട്ടിയിണക്കാനുമുള്ള ശ്രമങ്ങൾ നടന്നു. പൗരാണികതയിലുള്ള ജിജ്ഞാസയും അവയുടെ സിദ്ധികളിലുള്ള ആശ്ചര്യവും കൂടിയായപ്പോൾ ഇതു ഒരു പരിധി വരെ കാല്പനികതയുമായി കൂടിക്കുഴഞ്ഞു.

അറബിയിലും *ബൈബിൾ* സാഹിത്യത്തിലും പ്രാഗല്ഭ്യമുള്ളവർ അറബിയിലുള്ള പുരാതന രേഖകളും കൈയെഴുത്തു പ്രതികളും പരിശോധിച്ചു. മധ്യകാല മുസ്‌ലിംകൾ അവരുടെ മഹത്തായ പൈതൃകം അവശേഷിപ്പിച്ചതു കൈയെഴുത്തു ലിഖിതങ്ങളിലായിരുന്നു. മധ്യ പൗരസ്ത്യ ദേശത്തും യൂറോപ്പിലും ഉത്തര അമേരിക്കയിലും ഇത്തരത്തിൽ പെടുന്ന എമ്പാടും രേഖകൾ ഉള്ളതായി അവർ കണ്ടെത്തി. ഇസ്‌ലാമിനെക്കുറിച്ച് അഗാധമായി മനസ്സിലാക്കാനുതകുന്ന ഈ കണ്ടെത്തലുകൾ ഓറിയന്റലിസ്റ്റുകളുടെ വലിയൊരു നേട്ടമായിരുന്നു. ഇതിനായി പ്രത്യേകം പരിശീലനം തന്നെ നല്കപ്പെട്ടു. ഈ പരിശീലനം 20-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ അല്പം മന്ദീഭവിച്ചിട്ടുണ്ട്. *ബൈബിളി*ന്റെയും ചരിത്ര വസ്തുതകളുടെയും അടിസ്ഥാനത്തിൽ നടത്തിയ ജൂതായിസത്തിന്റെയും ക്രിസ്ത്യാനിറ്റിയുടെയും ആദ്യകാലത്തെക്കുറിച്ചുള്ള നിഗമനങ്ങൾ ഇസ്‌ലാമിനെ വിലയിരുത്തുന്നതിൽ ഒരു പുനരാവിഷ്കരണം തന്നെ സാധ്യമാക്കി. 'പഴമയുടെ വസ്തുനിഷ്ഠമായ പുനരാവിഷ്കരണം' എന്നാണ് ജർമൻ ഹിസ്റ്ററിയോഗ്രാഫർ ആയ വോൺ റാൻകെ (**Von Ranke**) ഇതിനെക്കുറിച്ചു അഭിപ്രായപ്പെടുന്നത്.

ഇസ്‌ലാമിക പഠനത്തിൽ പാശ്ചാത്യൻ ഓറിയന്റലിസ്റ്റുകളും മുസ്‌ലിം പണ്ഡിതരും ഒരു കാര്യത്തിൽ യാഥാസ്ഥിതികരുമായി യോജിക്കുന്നുവെന്നു ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. പ്രവാചക ജീവിതത്തെക്കുറിച്ചുള്ള പരമ്പരാഗതമായ അറിവ് ഇരുകൂട്ടരും അംഗീകരിക്കുന്നു. പ്രവാചക വചനങ്ങളിൽ ചിലതിന്റെ അടിസ്ഥാന സ്രോതസ്സുകളെക്കുറിച്ചും ചില ആധുനിക മുസ്‌ലിം ചിന്തകർക്കും ഓറിയന്റലിസ്റ്റുകൾക്കും സംശയമുണ്ടെങ്കിലും വിശുദ്ധ ഖുർആനെയും ഇസ്‌ലാമിന്റെ അടിസ്ഥാന സ്രോതസ്സുകളെയും ചോദ്യം ചെയ്യാൻ ഇവരാരും മുതിർന്നിട്ടില്ല.

ഇസ്‌ലാമിനു നേരെയുള്ള ഓറിയന്റലിസ്റ്റുകളുടെ സമീപനം പല വിമർശനങ്ങൾക്കും വിധേയമാണ്. മുസ്‌ലിം രാഷ്ട്രങ്ങളുടെ മേൽ നിലനിന്ന യൂറോപ്യൻ മേധാവിത്വം നിലനിർത്താനാണ് ഓറിയന്റലിസ്റ്റുകൾ ശ്രമിച്ചതെന്നാണ് ഒരു ആരോപണം. നെപ്പോളിയന്റെ ഈജിപ്ഷ്യൻ ആക്രമണം തൊട്ട് അടുത്ത കാലത്ത് മുസ്‌ലിം രാഷ്ട്രങ്ങൾ ഒന്നൊന്നായി സ്വാതന്ത്ര്യം പ്രാപിക്കാൻ തുടങ്ങുന്നതുവരെയും ഓറിയന്റലിസ്റ്റുകൾ യൂറോപ്യൻ സാമ്രാജ്യത്വത്തിന്റെ രാഷ്ട്രീയ - സാമ്പത്തിക താൽപര്യങ്ങൾക്ക് അരുനിന്നതായി വിശ്വസിക്കപ്പെടുന്നു. ഇപ്പോൾ ഓറിയന്റലിസ്റ്റുകൾ ഈ ആരോപണം മറികടക്കാൻ ശ്രമിക്കുകയാണ്. അക്കാദമിക് ലേബലുകളിൽ 'ഓറിയന്റൽ സ്റ്റഡീസ്' എന്നതു മാറ്റി പകരം 'ഇസ്‌ലാമിക് സ്റ്റഡീസ്' എന്നാക്കി മാറ്റുന്നത് ഇതിനുവേണ്ടിയാണെന്നു കരുതാം.

20-ാം നൂറ്റാണ്ടിൽ രണ്ടാം ലോകയുദ്ധാനന്തരം അമേരിക്കൻ പണ്ഡിതർ സ്വീകരിച്ചുവരുന്ന ഒരു സംജ്ഞയാണ് 'ഏറിയ സ്റ്റഡീസ്, (**Area Studies**) എന്നത്. അമേരിക്കക്കാരല്ലാത്തവരുടെ ഭാഷകളും സംസ്കാരങ്ങളും പഠിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ ശ്രമം ചില ബിരുദ ദാന സ്ഥാപനങ്ങൾ ഏറ്റെടുത്തിരിക്കുന്നു. ഇതിനെ ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നു. മധ്യ പൗരസ്ത്യ ദേശത്തെക്കുറിച്ചുള്ള ഏറിയ സ്റ്റഡീസിന്റെ ഭാഗമായും, കൂടാതെ ദക്ഷിണേഷ്യൻ, ദക്ഷിണ-പൂർവേഷ്യൻ കേന്ദ്രങ്ങളുടെ കീഴിലും ഇസ്‌ലാമിനെക്കുറിച്ചുള്ള ഏറിയാ സ്റ്റഡീസ് നടത്തപ്പെടുന്നു.

ചിലരുടെ അഭിപ്രായത്തിൽ ഓറിയന്റലിസമെന്നത് ഒരു മനോഭാവത്തെയാണ് കുറിക്കുന്നത്. അതു വസ്തുതകളെ പണ്ഡിതോചിതമായി വിലയിരുത്തുവാനുള്ള ഒരു ശ്രമമാണെന്നവകാശപ്പെടുന്നു. കൊളോണിയൽ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ വൈജ്ഞാനിക സ്രോതസ്സുകളിൽ ആകൃഷ്ടരായ പാശ്ചാത്യ മനസ്സുകൾ ഇസ്‌ലാമിക ഗ്രന്ഥങ്ങളും സാഹിത്യങ്ങളും പഠിക്കുകയും നിരൂപിക്കുകയും ചെയ്തു. അതിൽ രാഷ്ട്രീയമായ ചേരുവകളും അതിഭാവുകത്വവും കലർന്നുവെന്നത് ശരിയാണ്. എങ്കിലും, അവരെ മുഖ്യമായി സ്വാധീനിച്ചത് മതപരവും സാംസ്കാരികവുമായ വസ്തുതകളാണ്. എന്നാൽ പൗരസ്ത്യ ഭാഷകളിലും മതങ്ങളിലുമുള്ള പാശ്ചാത്യരുടെ താൽപര്യം കുറഞ്ഞതോടെയാണ് ഓറിയന്റലിസവും പിറകോട്ടു പോയത്. ഇന്നത്തെ ഏറിയ സ്റ്റഡീസ് സമകാലിക മുസ്‌ലിം സമൂഹത്തെക്കുറിച്ചുള്ള ഒരു വേർതിരിച്ച പഠനം മാത്രമായിരിക്കുന്നു. പ്രത്യേകിച്ചും അവരുടെ പൊതുവായ സാമൂഹിക പ്രശ്നങ്ങൾ, രാഷ്ട്രീയ കാഴ്ചപ്പാടുകൾ, സാമ്പത്തിക നയങ്ങൾ, സാമൂഹിക-സാമ്പത്തിക വളർച്ച തുടങ്ങിയവ. ഇവിടെ ഇസ്‌ലാമിക ഭാഷാ സാഹിത്യ പഠനങ്ങൾ മറ്റു പല പഠനങ്ങൾക്കുമുള്ള ഒരു മാധ്യമം മാത്രമായിരിക്കുന്നു.

ചില ആധുനിക പണ്ഡിതർ ഓറിയന്റലിസത്തിന്റെയും ഏറിയ സ്റ്റഡീസിന്റെയും പരാജയങ്ങളുടെ വെളിച്ചത്തിൽ ഒരു പുതിയ മാർഗം നിർദേശിക്കുന്നുണ്ട്. ഗവൺമെന്റ് പിന്തുണയില്ലാതെയുള്ള സ്വന്തവും സ്വതന്ത്രവുമായ ഗവേഷണ പഠനങ്ങളാണ് ഈ മാർഗം. എന്നാൽ, അക്കാദമിക് തലത്തിലുള്ള മൂല്യ നിർണയ സംരംഭങ്ങൾ തന്നെയാണ് അവരും അവലംബിക്കുന്നത്. അല്ലാതെ, അറബി ഭാഷാ പണ്ഡിതരോ ഇസ്‌ലാമിക ചരിത്രത്തിലെ സാംസ്കാരിക സവിശേഷതകൾ ഉൾക്കൊണ്ടവരോ അല്ല ഇവ വിലയിരുത്തുന്നത്. ഇവ മൂല്യനിർണയം ചെയ്യാൻ ഭൂമിശാസ്ത്രജ്ഞരെയും ചരിത്രകാരന്മാരെയും ശാസ്ത്രസാഹിത്യകാരന്മാരെയുമാണ് അവർ ഉപയോഗപ്പെടുത്തുന്നത്. 20-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ ആധുനിക സർവകലാശാലകൾക്ക് ഈ പുതിയ ഗവേഷണ മാർഗം സ്വീകാര്യമായിരിക്കും. മാർഷൽ ഹോഗ്സൻ (**Marshall Hodgson**) തന്റെ *ദി വെഞ്ചർ ഓഫ് ഇസ്‌ലാം* എന്ന കൃതിയിൽ ചരിത്ര സംഭവങ്ങളുമായുള്ള താരതമ്യത്തിലാണ് ഇസ്‌ലാമിനെ വിലയിരുത്തുന്നത്. ഒരു പക്ഷേ, ഇത്തരത്തിലുള്ള താരതമ്യങ്ങളാകും മേലിൽ 21-ാം നൂറ്റാണ്ടിൽ പുറത്തു വരിക. എന്നാൽ മുസ്‌ലിം പണ്ഡിതരുടെ സാന്നിധ്യവും സഹകരണവും ഇതു അനിവാര്യമാക്കുന്നു. ഈ ഗവേഷണങ്ങൾ ഫലപ്രദമാകണമെങ്കിൽ ഇസ്‌ലാമിക പണ്ഡിതരും ചിന്തകരും അമുസ്‌ലിംകളുടെ വസ്തുനിഷ്ഠമായ പഠനങ്ങളുമായി സഹകരിക്കുകയും അവർക്കു വഴികാട്ടുകയും വേണം.

ശാസ്ത്ര മാസികകളും അക്കാദമിക് ഡിപ്പാർട്ടുമെന്റുകളും ഇന്നുപയോഗിക്കുന്ന 'ഇസ്‌ലാമിക പഠനങ്ങളി'ൽ ഇസ്‌ലാമിനെക്കുറിച്ച പല വിഷയകമായ ഗവേഷണങ്ങളും ഉൾപ്പെടുന്നു. സാംസ്കാരിക -നാഗരിക പഠനങ്ങൾ, പാരമ്പര്യ ശാസ്ത്രം എന്നിവയിലെല്ലാം ഇസ്‌ലാമിന്റെ കാഴ്ചപ്പാടുകൾ ഇന്ന് കൂടുതൽ കൂടുതൽ ശ്രദ്ധേയമായി വരികയാണ്. ഇസ്‌ലാമിന്റെ മൗലിക രാഷ്ട്രീയ സങ്കല്പങ്ങൾ യൂറോപ്പിനെ ശക്തിയായി സ്വാധീനിച്ചുകൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിക് ബേങ്ക്, ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥ, രാഷ്ട്രീയ വ്യവസ്ഥ, ഇസ്‌ലാമിന്റെ ജനാധിപത്യ സങ്കല്പം, ഇസ്‌ലാമിന്റെ മനുഷ്യാവകാശ നയങ്ങൾ എന്നിവയെല്ലാം ഇന്നു സജീവമായി ചർച്ച ചെയ്യപ്പെടുന്നു. കഴിഞ്ഞ മൂന്നു ദശകങ്ങളിൽ പ്രസിദ്ധീകരിച്ച എമ്പാടും ഗ്രന്ഥങ്ങളുടെ ചട്ടകളിൽ 'ഇസ്‌ലാമികം' കാണാം.

ഇസ്ലാമിക രാഷ്ട്രീയത്തിലുള്ള താൽപര്യം നൂതനമല്ല. 19–ാം നൂറ്റാണ്ടു മുതലേ ഇതു ഓറിയന്റലിസത്തിന്റെ ഭാഗമായിരുന്നു. 1821–50 കാലത്താണ് ഇംഗ്ലണ്ടിൽ റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയും, ഫ്രാൻസിൽ സൊസൈറ്റി ഏഷ്യാറ്റിക്കയും, ജർമനിയിൽ ഡ്യൂഷേ മെഗാലാന്റിഷും (**Deutsche Morgenlandische- Gesellschaft**), അമേരിക്കയിൽ അമേരിക്കൻ ഓറിയന്റൽ സൊസൈറ്റിയും ഇസ്ലാമിക രാഷ്ട്രീയത്തെക്കുറിച്ചു ഗവേഷണം ചെയ്തത്. പക്ഷേ, ഇവയെല്ലാം കൊളോണിയൽ ശക്തികൾക്ക് സഹായകമാം വിധമാണ് പ്രവർത്തിച്ചത്. ഈ ശ്രമങ്ങളുടെ കൂട്ടത്തിലാണ് ഇ.എം. ക്വാട്രിമേർ (**E.M. Quatr-emere**) ഇബ്നുഖൽദൂനിന്റെ *മുഖദ്ദിമഃ* പ്രസിദ്ധീകരിച്ചത്. തുടർന്നു, അതു ബാരൻ ദി സ്ലെയ്ൻ (**Baron de Slane**) ഫ്രഞ്ചു ഭാഷയിലേക്കു വിവർത്തനം ചെയ്തു. ത്വബരിയുടെയും മസ്ഊദിയുടെയും തുടങ്ങി അനേകം അറബി ചരിത്ര കൃതികൾ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കപ്പെട്ടു. ഇസ്ലാമിനുനേരെ പല തരത്തിലുള്ള ചരിത്ര–വാങ്മയ ശാസ്ത്ര സമീപനങ്ങളും ജർമനിയിൽ പ്രചാരം നേടിയിരുന്ന കാര്യം തിയോഡാർ നോഡ്കെ(**Theodore Noldeke**)യുടെ ഖുർആൻ പഠനത്തിലും ഇഗ്നാസ് ഗോൾഡ്സിഹറു(**Ignaez Goldzeher**)ടെ ഹദീഥു പഠനങ്ങളിലും ഡി.എസ്. മാർഗോലിയാതി(**D.S. Margoliouth**)ന്റെ ഇസ്ലാമിക ചരിത്രാഖ്യാനങ്ങളിലും വ്യക്തമായി കാണാം.

ഇസ്ലാമിനെ അവർ ചില സൂക്ഷ്മവും ഗുപ്തവുമായ വിശ്വാസ കാര്യങ്ങളുടെ സമുച്ചയമാണെന്നു നിർവചിച്ചു. ഐറ. എം. ലാപിഡസി(**Ira. M. Lapidus**)ന്റെ *ഇസ്ലാമിക സമൂഹങ്ങളുടെ ചരിത്രം*(***A History of Islamic Societies*** –1988), ബെർണാഡ് ലൂയി(**Bernard Leuis**)യുടെ പല ഗ്രന്ഥങ്ങളും– പ്രത്യേകിച്ചും ***The Islamic Word***(1989)(*ഇസ്ലാമിക ലോകം*), ***The Political Language of Islam***(ഇസ്ലാമിന്റെ രാഷ്ട്രീയ ഭാഷ) എന്നിവ– എല്ലാ യൂറോപ്യൻ ഭാഷകളിലേക്കും തർജമഃ ചെയ്യപ്പെട്ടു. ഇതിലൂടെ 'ഇസ്ലാം' എന്ന പദത്തിനു തന്നെയും ഒരു പുതിയ വിവക്ഷ കൈവന്നു. ഗുസ്താവ് വോൺ ഗ്രൻഷ് ബോണി(**Gustave Von Grunc baun**)ന്റെ ***Modern Islam, Medieval Islam, Classical Islam*** തുടങ്ങിയ ശീർഷകങ്ങൾ ശ്രദ്ധിച്ചാൽ ഓറിയന്റൽ സ്കോളർഷിപ്പ് പൊതുവേ സ്വീകരിച്ച സമീപനമാണിതെന്ന് ബോധ്യമാകും. ഇസ്ലാമിനെ മുസ്ലിം നിയമം (**Muslim law**), ഇസ്ലാമിക രാഷ്ട്രീയ വ്യവസ്ഥ (**Islamic Political System**) (ഖലീഫഃമാർ, ഇമാമുകൾ, സുൽത്വാന്മാർ, അമീറുമാർ തുടങ്ങിയ ശീർഷകങ്ങളിൽ), ഇസ്ലാമിക ശില്പ നിർമാണ കലകൾ എന്നിങ്ങനെ അവർ വേർതിരിച്ചു. ഇതിൽ പലതിലും ഇസ്ലാമിനു മുമ്പുള്ളതും ഇസ്ലാമിനു വിരുദ്ധവുമായ ശൈലികളുടെ സ്വാധീനം കാണാമെന്നതാണ് സത്യം.

ഇസ്ലാമിനെ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ഓറിയന്റലിസ്റ്റുകൾ ബുദ്ധിപരമായ അവധാനത പുലർത്തിയില്ലെന്നു വ്യക്തം. അവരുടെ മിക്ക സമീപനങ്ങളും വിഷയത്തിന്റെ ഏതെങ്കിലും ഒരു പ്രത്യേക മുഖം മാത്രം പ്രകടമാക്കുന്നു. പല ചരിത്രകാരന്മാരും ഉപയോഗിച്ച 'ഇസ്ലാമിക തത്ത്വജ്ഞാനം' (**Islamic philosophy**) എന്ന സംജ്ഞ 'ക്രിസ്ത്യൻ തത്ത്വജ്ഞാനം' ഉളവാക്കിയതുപോലുള്ള ചർച്ചകൾക്ക് ഇടം നല്കിയില്ല. അതിനാൽ ഇസ്ലാമിനെക്കുറിച്ച് അക്കാദമിക പഠനങ്ങൾ ഇപ്പോഴും വ്യാഖ്യാനങ്ങൾക്ക് കാത്തിരിക്കുകയാണ്. 'ഇസ്ലാം' എന്ന പദവുമായി നാനാവിധേനയുള്ള താത്ത്വികവും പ്രായോഗികവുമായ പഠനങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു. ഇസ്ലാമിനെയും അറബ് ലോകത്തെയും കുറിച്ച വസ്തുനിഷ്ഠവും സൂക്ഷ്മവുമായ പഠനങ്ങൾക്കായി ഇന്നും പാശ്ചാത്യൻ മനസ്സ് ദാഹിക്കുകയാണ്.

ഇസ്ലാമിന്റെ പൈതൃകമനുസരിച്ച് വാങ്മയ ശാസ്ത്രത്തിനു ചില പരിമിതികളുണ്ട്. വാങ്മയ ശാസ്ത്രം ഐതിഹ്യങ്ങളെ നിരാകരിക്കുകയും വസ്തുനിഷ്ഠവും ആധികാരികവുമായ ചരിത്ര വസ്തുതകളെ സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ നരവംശ ശാസ്ത്രങ്ങളും ചരിത്ര വിജ്ഞാനങ്ങളും മിത്തുകളെ മൂല്യവത്തായിട്ടാണ് കാണുന്നത്. അതിനാൽ ഇസ്ലാമിനെക്കുറിച്ചു പഠിക്കുന്ന ഓറിയന്റലിസ്റ്റുകൾ ഇസ്ലാമിന്റെ മൂല സ്രോതസ്സുകളെക്കുറിച്ചു മുസ്ലിം ചിന്തകരുമായി സംവദിക്കേണ്ടതുണ്ട്. പക്ഷേ, ഇങ്ങനെ സംവദിക്കുന്നില്ലെന്നതാണ് വസ്തുത.

ഓറിയന്റലിസ്റ്റുകളുടെ ഇസ്ലാമിക പഠനത്തിലെ മറ്റൊരു തകരാറ് അവർ ഇസ്ലാമിന്റെ സവിശേഷമായ വ്യക്തിത്വം ആദ്യമേ നിരാകരിക്കുന്നുവെന്നതാണ്. അവർ ഇസ്ലാമിനെയും ഇസ്ലാമിക നാഗരികത, ഇസ്ലാമിക സംസ്കാരം എന്നിവയെയും ക്രിസ്ത്യാനിറ്റിയുമായി താരതമ്യം ചെയ്യുന്നു. ഇസ്ലാമിനെ ഒരു മതമായി പഠിക്കാനാഗ്രഹിക്കുമ്പോഴും അതിനെ ശാസ്ത്രീയമായി വിലയിരുത്തുവാനുദ്യമിക്കുമ്പോഴും സജീവമായ ഇസ്ലാമിക പാരമ്പര്യത്തെ അവർ തൊട്ടറിയുന്നില്ല. അതിനാൽ, അവരുടെ ഇസ്ലാമിക പഠനം അവർക്ക് നിരാകരിക്കുവാൻ സാധ്യമല്ലാത്ത ചില ചരിത്ര വസ്തുതകളുടെ വ്യാഖ്യാനം മാത്രമായി ചുരുങ്ങുന്നു. ഒരു ജീവിത സംസ്കാരത്തെ ഉൾക്കൊള്ളാൻ അതിനെ കഴിയുന്നത്ര മനസ്സിലാക്കുകയും അടുത്തറിയുകയും വേണം. ഓറിയന്റലിസ്റ്റു പഠനങ്ങൾ ഇസ്ലാമിനെക്കുറിച്ചു വിധി കല്പിക്കുമ്പോൾ ഇസ്ലാമിനെ നേരിൽ ഉൾക്കൊള്ളാതെയും ഇസ്ലാമുമായി സ്വയം സംവദിക്കാതെയും മറ്റുള്ളവരുടെ വാക്കുകളിൽ വിശ്വാസമർപ്പിക്കുകയാണ് ചെയ്യുന്നത്. ഇസ്ലാമിക നിയമങ്ങൾ ഗ്രഹിക്കുവാനും, ഒരു മുസ്ലിം എന്തുകൊണ്ട് ശരീഅത് നിയമങ്ങളുടെ പ്രയോഗവൽക്കരണത്തിനായി പരിശ്രമിക്കുന്നുവെന്നറിയാനും ഒരു മുസ്ലിമിന്റെ മനോഗതി സ്വാംശീകരിക്കേണ്ടതുണ്ട്. നിർഭാഗ്യവശാൽ, ഇതിനു ഓറിയന്റൽ മനസ്ഥിതി അനുവദിക്കുന്നില്ല. തന്മൂലം, അവർ മഹത്ത്വവൽക്കരിക്കുന്ന ഇസ്ലാമിക വ്യക്തിത്വങ്ങളെപ്പോലും ഇസ്ലാമിക നിയമങ്ങളുടെ പ്രയോക്താക്കളായിട്ടല്ല അവർ അവതരിപ്പിക്കുന്നത്.

വിശുദ്ധ ഖുർആൻ ഒമ്പതാം അധ്യായം നാഗരിക നിയമങ്ങൾക്ക് അടിത്തറയിടുന്നു. അവ വ്യക്തിയുടെയും സമൂഹത്തിന്റെയും അവകാശങ്ങൾക്ക് ഭദ്രമായ രൂപം നല്കുന്നു. അതിനാൽ മുസ്ലിംകൾ മഹത്തായ പൗരത്വ ഗുണങ്ങൾ ആർജിക്കുവാൻ ബാധ്യസ്ഥരാണ്. ഈ നിയമങ്ങളും നിർദേശങ്ങളും ഇസ്ലാമിക നിയമവ്യവസ്ഥയുടെ ഭാഗമാണ്. സാമൂഹിക–രാഷ്ട്രീയ മണ്ഡലങ്ങളിൽ വർത്തിക്കുന്ന ഒരു മുസ്ലിമിന്റെ സവിശേഷതകൾ ഈ നിയമങ്ങളുടെ പ്രയോഗവൽക്കരണവുമായി ബന്ധപ്പെട്ടു കിടക്കുന്നു. എന്നാൽ, ക്രിസ്ത്യൻ യൂറോപ്പിലാകട്ടെ, മത–രാഷ്ട്രീയ മേഖലകൾ ഭിന്നമാണ്. ഇതു വ്യക്തമാക്കുന്നത് ക്രിസ്ത്യൻ പരമ്പരാഗത മനസ്ഥിതിയോടെ യൂറോപ്യൻ ദർപ്പണത്തിൽ ക്രിസ്ത്യാനിറ്റിയുമായി താരതമ്യം ചെയ്ത് ഇസ്ലാമിനെ വിലയിരുത്തുന്നത് ഇസ്ലാമിന്റെ സത്തയുടെ നിഷേധമാണെന്നാണ്. പക്ഷേ, ഈ ഭീമമായ അബദ്ധം ഇസ്ലാമിക പഠനത്തിൽ പാശ്ചാത്യ മാധ്യമങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു.

അധ്യാത്മ ജ്ഞാനം സമൂഹത്തിൽനിന്ന് മാറിനിന്നുകൊണ്ടുള്ള സൂക്ഷ്മാപഗ്രഥനമല്ല. അത് സാമൂഹികവും ചരിത്രപരവുമായ വിശകലനമായിരിക്കണം. സിറിയ, ഇറാഖ്, ഇറാൻ, ഹിജാസ്, ദക്ഷിണ അറേബ്യ, ഈജിപ്ത് എന്നിവിടങ്ങളിലെ ഹി. രണ്ട് –മൂന്ന് നൂറ്റാണ്ടുകാലത്തെ ചരിത്രം മാത്രമാണ് ഇസ്ലാമിക പഠനത്തിൽ പാശ്ചാത്യർ കാര്യമായും അവലംബിച്ചത്. മാത്രമല്ല, ഹെൻറി ലാ ഓസ്റ്റി(**Henri La oust**)ന്റെ ***Les Schimes Dans I'Islam*** (1977) പോലുള്ള ഗ്രന്ഥങ്ങളിൽ നിഗൂഢമായ രൂപത്തിൽ പല കാര്യങ്ങളും പറഞ്ഞുപോവുകയാണ് ചെയ്യുന്നത്. എന്നാൽ, **Joseph Van Ess**ന്റെ അടുത്തകാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട ***Theologic and Gesellschaft im 2 and 3 Tahrhundert Hidschra: Eine Geschichte des Rligiosen Denkens im friihen Islam*** **(Berlin, 1991-92**) വാങ്മീമാംസയുടെയും സാമൂഹിക ശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ ഇന്നു കിട്ടാവുന്ന ഇസ്ലാമിക ഗ്രന്ഥങ്ങളെല്ലാം വിശദമായി പഠിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. ഇതനുസരിച്ചു നമുക്കു പ്രാചീന ഗ്രന്ഥങ്ങൾ പുനരാഖ്യാനം ചെയ്യാനും അവ ചരിത്രപരമായി വിലയിരുത്താനും സാധിക്കണം. പക്ഷേ, ഓറിയന്റലിസ്റ്റു പണ്ഡിതന്മാർ 1950 വരെയും പാശ്ചാത്യ പണ്ഡിതന്മാരെ മാത്രമാണ് ഇസ്ലാമിക പഠനത്തിന് അവലംബമാക്കിയത്. 19–ാം നൂറ്റാണ്ടിൽ ക്രിസ്തു മത ഗ്രന്ഥങ്ങൾക്ക് ഉപയോഗിച്ച അതേ ചരിത്ര സമീപനവും വാങ്മീമാംസയും വിശുദ്ധ ഖുർആനും ഹദീഥും ഫിഖ്ഹും പഠിക്കുവാനും വ്യാഖ്യാനിക്കാനും അവർ ഉപയോഗിച്ചു. **Theodore Noldeke, Ignacz Goldzchew, Joseph Sehacht** എന്നിവരുടെ പഠനങ്ങൾ ഇതുതന്നെ തെളിയിക്കുന്നു. ഇവരുടെയെല്ലാം ശ്രമം ഇസ്ലാമിനു മീതെ ക്രിസ്തുമതത്തെ പുനഃപ്രതിഷ്ഠിക്കുകയായിരുന്നു. **Rudolph Baltmann, Karl Barth, Paul Tillich, Jacques Maritain,**

**Marie Dominique Chenu** തുടങ്ങിയവരൊക്കെ ഇസ്‌ലാമിനെ ഇകഴ്ത്തിക്കെട്ടാനാണ് ശ്രമിച്ചത്. ക്രിസ്ത്യൻ നേതൃത്വത്തെ പിന്തുടരുന്ന മുസ്‌ലിംകളെല്ലാം അവരുടെ ദൃഷ്ടിയിൽ യാഥാസ്ഥിതികരാണ്. ഈ കാരണത്താൽ ഒരു ഭാഗത്ത് ഇസ്‌ലാമിനെക്കുറിച്ച ഗവേഷണ ശ്രമങ്ങൾ ഫലം കണ്ടില്ല. മറുവശത്താകട്ടെ, 1945–നുശേഷം ക്രമേണയായി കൊളോണിയൽ ഭരണത്തിൽനിന്ന് സ്വാതന്ത്ര്യം നേടിയ മുസ്‌ലിം രാഷ്ട്രങ്ങൾ തങ്ങളുടെ ദേശീയമായ അസ്തിത്വവും വ്യക്തിത്വവും ആർജിക്കാനുള്ള ശ്രമത്തിലായിരുന്നു. തങ്ങളുടെ ദേശീയമായ ഐഡന്റിറ്റിയുടെ മൂർഛയിൽ മതപരമായ 'ഐഡന്റിറ്റി' നഷ്ടമാകുന്നതിനെക്കുറിച്ചു അവർ ഇപ്പോഴും ബോധവാന്മാരല്ല. ഈ സത്യം അവഗണിക്കാവുന്നതല്ല. അതിനാൽ ഓറിയന്റലിസ്റ്റുകൾ നടത്തുന്ന ഇസ്‌ലാമിക പഠനങ്ങൾ ശാസ്ത്രീയമെന്നു പറയുമ്പോഴും അവരുടെ വീക്ഷണം സമഗ്രമോ സമീപനം വസ്തുനിഷ്ഠമോ നിഷ്പക്ഷമോ അല്ല. ക്രിസ്ത്യൻ യൂറോപ്പിന്റെയും പാശ്ചാത്യൻ മതേതര സങ്കല്പങ്ങളുടെയും മേധാവിത്വം ഇസ്‌ലാമിന്റെ മേൽ അടിച്ചേല്പിക്കാനുള്ള ശ്രമമാണിത്. അതതു വിഷയങ്ങളിലുള്ള വർഗീകരണം, ക്രമീകരണം, നിർവചനങ്ങൾ, തത്ത്വങ്ങൾ, സിദ്ധാന്തങ്ങൾ തുടങ്ങിയവ ആവിഷ്കരിക്കുന്നതിലൂടെ അവരുടെ വിശ്വാസങ്ങൾ മറ്റുള്ളവരുടെ മേൽ അടിച്ചേല്പിക്കാനാണവർ ശ്രമിക്കുന്നത്. ഇതിനു കാരണം, ഇക്കാലമത്രയും മുസ്‌ലിംലോകം തങ്ങളുടെ മതത്തെയും സംസ്കാരത്തെയും ചരിത്രത്തെയും കുറിച്ചു സ്വന്തമായ ഗവേഷണങ്ങൾ നടത്തിയിട്ടില്ലെന്നതാണ്. ഗേഥെ (**Goethe**), കാന്റു (**kant**), സവാന്റിസ് (**Cervantes**), ഡാന്റെ (**Dante**) എന്നിവരെക്കുറിച്ചെഴുതുന്ന ഒരു ഫ്രഞ്ചു എഴുത്തുകാരൻ അവരെക്കുറിച്ചു പൂർണമായി ഗ്രഹിക്കുവാൻ ജർമൻ, സ്പാനിഷ്, ഇറ്റാലിയൻ ഗ്രന്ഥങ്ങൾ പഠിക്കുന്നു. എന്നാൽ ഇസ്‌ലാമിക പണ്ഡിതന്മാരുടെ കാര്യത്തിൽ അവരെക്കുറിച്ചു പേർഷ്യൻ, അറബിക്, തുർകി ഭാഷകളിൽ പോലും വേണ്ടത്ര പഠനങ്ങൾ ഉണ്ടായിട്ടില്ല.

അടുത്ത കാലത്തു പ്രചാരം നേടിയ പല ഗ്രന്ഥങ്ങളും, സാമൂഹിക ശാസ്ത്രങ്ങളും രാഷ്ട്ര മീമാംസയും തമ്മിലുള്ള ബന്ധം കൂടുതൽ വ്യക്തമാക്കുന്നു. മധ്യകാലഘട്ടത്തിൽ മത–ദാർശനിക വിജ്ഞാനീയങ്ങൾക്കുണ്ടായിരുന്ന അംഗീകാരം ഇന്നു സാമ്പത്തിക രംഗത്തെ പ്രായോഗിക ജ്ഞാനം കൈവശപ്പെടുത്തിയിരിക്കുന്നു. വിജ്ഞാനത്തിന്റെ ലക്ഷ്യത്തെക്കുറിച്ചുള്ള മാറിയ ഈ സമീപനം ഒരു പുതിയ മനോഭാവത്തോടെ ലോകത്തെ വീക്ഷിക്കുവാൻ ചിന്തകരെ പ്രേരിപ്പിക്കുന്നു. അവരുടെ അഭിപ്രായങ്ങൾ കൂടുതലും രാഷ്ട്രീയവും സാമ്പത്തികവുമായിരിക്കുന്നു. സത്യം, നീതി തുടങ്ങി നിയമവാഴ്ചകളെ സാധൂകരിക്കുന്ന ആശയങ്ങളൊക്കെ പിന്തള്ളപ്പെട്ടിരിക്കുന്നു. ഈ ഭൗതിക സമീപനം ഇന്നു സാധാരണക്കാരനും ബുദ്ധിജീവികളും ഒരുപോലെ സ്വീകരിക്കുകയാണ്. മാർക്സിസ്റ്റു–ലിബറലിസ്റ്റു ആശയങ്ങളുടെ അവസാന താൽപര്യവും വ്യക്തിയുടെ സ്വാതന്ത്ര്യവും അവകാശങ്ങളും സ്ഥാപിക്കുകയാണെന്നാണവർ അവകാശപ്പെടുന്നത്. എന്നാൽ എല്ലാ വിമർശന ചിന്തകൾക്കുമപ്പുറം അവരെ നയിക്കുന്നത് പ്രായോഗിക മനസ്ഥിതിയാണ്. മാർക്സിസത്തിന്റെ പരാജയത്തിൽ 50 വർഷത്തെ ആദർശ സ്വപ്നങ്ങൾ ഞെരിഞ്ഞമർന്നുവല്ലോ. ഈ വിടവു നികത്താൻ അവരുടെ രാഷ്ട്രീയ–സാമൂഹിക ചിന്തകർ ഇന്ന് അശക്തരാണ്. ഏറെക്കാലം ആധിപത്യം ചെലുത്തിയ രാഷ്ട്രീയ–സാമ്പത്തിക നയങ്ങൾ ഒരു സുപ്രഭാതത്തിൽ തള്ളിപ്പറയാൻ അവർക്ക് പ്രയാസമുണ്ട്. എന്നാൽ മുസ്‌ലിം മൗലികവാദികൾ ഇത്തരം പാശ്ചാത്യ വ്യവസ്ഥകളെയും മൂല്യങ്ങളെയും വെല്ലുവിളിക്കുമ്പോഴാകട്ടെ ആധുനിക രാഷ്ട്രീയ ചിന്തകർ ആകുലപ്പെടുന്നു. അതേസമയം, പാശ്ചാത്യ ചിന്തകരുടെ നിസ്സഹായതയോടും പാശ്ചാത്യർ നടത്തുന്ന സാമ്പത്തിക കുറ്റങ്ങളോടുമുള്ള അവരുടെ പ്രതികരണം നിശ്ശബ്ദമായ മുറുമുറുപ്പ് മാത്രമാണ്. അവരുടെ അന്തിമ വിശകലനങ്ങൾ എപ്പോഴും പാശ്ചാത്യ മൂല്യങ്ങളെ താങ്ങി നിർത്തുന്നതാകുന്നു.

ആധുനിക മുസ്‌ലിം ദേശീയ–രാഷ്ട്രങ്ങളും ഇതേ വഴിക്കാണു ചലിക്കുന്നത്. അവർ സമസ്ത മേഖലകളിലും തങ്ങളുടെ ആധിപത്യം ഉറപ്പിക്കാൻ വേണ്ടി ഇടക്കിടെ പാശ്ചാത്യ സാമ്രാജ്യത്വത്തെയും ഇംപീരിയലിസത്തെയും എതിർക്കുന്നു. അതേസമയം, രാഷ്ട്രീയ–സാമൂഹിക–സാമ്പത്തിക രംഗങ്ങളിൽ ജനങ്ങളുടെ ആനുകാലിക പ്രശ്നങ്ങൾ കൈയൊഴിയുകയും ചെയ്യുന്നു. തദ്ഫലമായി, പാശ്ചാത്യൻ പ്രത്യയ ശാസ്ത്രങ്ങളെക്കാൾ ഉന്നതമെന്നവകാശപ്പെടുന്ന ഇസ്‌ലാമും ജനങ്ങളുടെ ദൃഷ്ടിയിൽ കേവലം ഒരു മിഥ്യാ സങ്കല്പമായി മാറിയിരിക്കുന്നു. അതിനാൽ, ദേശീയ സ്വാതന്ത്ര്യത്തിലൂടെ മുസ്‌ലിം രാഷ്ട്രങ്ങൾ നേടിയ ചരിത്രപരമായ ശക്തി വിഫലമാവുകയാണ്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ ചുവടുവയ്പുകൾ പോലും ഇവർ ദേശീയമായ 'ഐഡന്റിറ്റി'യെ തിരിച്ചു പിടിക്കാനാണുപയോഗപ്പെടുത്തുന്നത്. ഇസ്‌ലാമികമായ സംയോജിത യത്നങ്ങളോ പഠനങ്ങളോ ഇവിടങ്ങളിൽ നടക്കുന്നില്ല. യാഥാസ്ഥിതികത്വമാകട്ടെ, ശാസ്ത്രീയമായ ഗവേഷണ ശ്രമങ്ങളെ അകറ്റിനിർത്തുകയും പുരോഗമന സംരംഭങ്ങൾക്ക് കൂച്ചുവിലങ്ങിടുകയും ചെയ്യുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും ഇസ്‌ലാമിന്റെ മൂല്യങ്ങളിലുള്ള സാർവലൗകികതയും ചരിത്രപരമായ പാരമ്പര്യവും വിളിച്ചറിയിക്കുന്ന ഗ്രന്ഥങ്ങൾ പെരുകിവരുന്നുണ്ട്. ഇതിനെ എതിർക്കുന്നവർ ഒരു ന്യൂനപക്ഷം മാത്രമാണ്. മതമൗലികതയുടെ ദീപ്തവലയം ഈ ന്യൂനപക്ഷത്തെ നിഷ്പ്രഭമാക്കുന്നു. എന്നാൽ ഈ പഠനങ്ങൾ ഇസ്‌ലാമിന്റെ ആശയഭദ്രതയും വിശ്വാസപദ്ധതികളും വിശ്വാസികൾക്കെന്നപോലെ അവിശ്വാസികൾക്കുകൂടി ബോധ്യമാകുന്നവിധം ബൗദ്ധികവും ഗവേഷണപരവുമാകേണ്ടതുണ്ട്. സാമൂഹ്യ ശാസ്ത്ര പഠനങ്ങളിലൂടെ പാശ്ചാത്യ ലോകം ലക്ഷ്യങ്ങൾ കൈവരിക്കുന്നതെങ്ങനെയെന്നു വിലയിരുത്തപ്പെടണം. കേവലമായ ദാർശനിക സംവാദങ്ങൾകൊണ്ടോ, കർമശാസ്ത്ര വ്യാഖ്യാനങ്ങളെക്കുറിച്ചുള്ള വിവാദങ്ങൾകൊണ്ടോ മാത്രം മുസ്‌ലിംലോകത്തിന് നേട്ടങ്ങൾ കൊയ്യാനാവില്ല.

പണ്ഡിതന്മാരെ കേവലം ആചാരാനുഷ്ഠാനങ്ങളുടെ സംരക്ഷകരായി തരം താഴ്ത്തിയതോടെയാണ്–ഉഥ്മാനികളുടെ കാലത്തോടെ– ഇസ്‌ലാമിന്റെ ആത്മീയ–ഭൗതിക തലങ്ങൾ ലോകം അവഗണിക്കുവാൻ തുടങ്ങിയത്. ഉമവീ കാലഘട്ടത്തിലെയും ഉഥ്മാനീ കാലത്തെയും ഭരണകൂട വിധേയമായ മതപ്രവർത്തനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ കഴിഞ്ഞ 30 വർഷങ്ങളിലെ മാറ്റങ്ങൾ വളരെ നാടകീയമാണെന്നു പറയാം. പാശ്ചാത്യ രാഷ്ട്രങ്ങളുടെ മേല്ക്കോയ്മയിൽനിന്ന് ഒന്നൊന്നായി സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ മുസ്‌ലിം രാഷ്ട്രങ്ങളെ പുരോഗമനാശയങ്ങളും ശാസ്ത്ര സാങ്കേതിക പഠനങ്ങളും സ്വാധീനിച്ചു. ഇതോടെ മതപരമായ ഗവേഷണ പഠനങ്ങളും പുതിയ മാനങ്ങൾ കൈവരിച്ചു.

എന്നാൽ ഓറിയന്റലിസ്റ്റുകളുടെ നേരെയുള്ള കേവലമായ പ്രതിഷേധമോ വിക്ഷുബ്ധമായ വിമർശനമോ ശരിയായ പ്രതികരണമല്ലെന്നു മുസ്‌ലിം ബുദ്ധിജീവികൾ മനസ്സിലാക്കണം. സാമൂഹ്യശാസ്ത്ര വിജ്ഞാനങ്ങളും ആധുനിക സാങ്കേതിക വിദ്യയും മാർക്കറ്റ് ഇക്കണോമിയുമാണ് ഇന്ന് ലോകം അടക്കിവാഴുന്നത്. അതിനാൽ, ശാസ്ത്രീയവും ബൗദ്ധികവുമായ രൂപത്തിൽ ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് ഇസ്‌ലാമിനെക്കുറിച്ചു എങ്ങനെ പഠനങ്ങൾ നടത്താമെന്നതാണ് പ്രശ്നം.

വിജ്ഞാനം പുരോഗമിക്കുകയും ആധുനിക സാങ്കേതിക വിദ്യകളിലൂടെ അത് പുതിയ അർഥ തലങ്ങളിൽ വികസിക്കുകയുമാണ്. അതിന്റെ കാരണങ്ങളും കണ്ടെത്തലുകളും പുനരാഖ്യാനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ ഈ മാറ്റങ്ങൾക്കു നേരെ ഭൂരിപക്ഷം ഇസ്‌ലാമിക പണ്ഡിതരും പുറം തിരിച്ചിരിക്കുന്നു. പാശ്ചാത്യ ചിന്തകരും ദാർശനികരും ശാസ്ത്രജ്ഞരും മതദാർശനിക വിഷയങ്ങൾ കൈകാര്യം ചെയ്യാനുപയോഗിക്കുന്ന പദാവലികൾ പോലും ശരിയായ അർഥത്തിൽ മനസ്സിലാക്കുന്നതിൽ ഇസ്‌ലാമിന്റെ വക്താക്കൾ പരാജയപ്പെടുന്നു. ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ അവർ ഈ പദങ്ങൾ ഉപയോഗിക്കുമ്പോൾ അവ നിർധാരണം ചെയ്യുന്നത് ശരിയായ അർഥങ്ങളാണോ എന്നവർ ആലോചിക്കുന്നില്ല. അതിനാൽ ആധുനിക ചരിത്രകാരന്മാരും സാമൂഹ്യ ശാസ്ത്രജ്ഞരും നരവംശശാസ്ത്രജ്ഞരും മനഃശാസ്ത്രജ്ഞരും ഉപയോഗിക്കുന്ന പദാവലികൾ മനസ്സിലാക്കുകയും അവയുടെ അർഥം ഗ്രഹിക്കുകയും വേണം. മുസ്‌ലിം പണ്ഡിതന്മാർ പുതിയ ആഖ്യാന രീതികൾ പരിശീലിക്കണം. **Earnest Gelluer**–ന്റെ ***Reason and Culture: New Perspectives on the Past*** **(Oxford 1992),** ***Muslim Society*** **(Cambridge 1981),** ***Lectures du Coran*** **(Tunis 1991),** ***Critique de la raison islamique*** **(Paris 1984)** തുടങ്ങിയ ഗ്രന്ഥങ്ങൾ അവർ അവശ്യം വായിച്ചിരിക്കേണ്ടവയാണ്. അതേപോലെ, മുസ്‌ലിം സമൂഹങ്ങളെ പഠന വിധേയമാക്കുമ്പോൾ അവയെ പ്രാദേശികമായ പ്രത്യേകതകളുടെ അടിസ്ഥാനത്തിലുള്ള സാംസ്കാരിക ഗ്രൂപ്പുകളായി കാണുന്നതിനു പകരം, നരവംശ ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ, ആഗോള സ്വഭാവമുള്ള സമൂഹങ്ങളായി വിലയിരുത്തപ്പെടണം.